കേസ് കൊടുത്ത് വിധി വന്നതിന് ആദ്യം വർക്ക് കൊടുത്തില്ലെങ്കിൽ കോടതി അലക്ഷ്യം വരും. അതിന് 18 ശതമാനം ഇന്ററസ്റ്റും കൊടുക്കണമെന്നാണ് വിധി. ഇങ്ങനെ വിധി വന്നു. സീനിയോറിറ്റി നോക്കി കൊടുക്കണമെന്നുള്ള വിധിക്ക് conflicting ആണ്. അത് ഞങ്ങൾ പ്രോപ്പർ അതോറിറ്റിയുടെ മുമ്പിൽ എത്തിച്ചിട്ടുണ്ട്. രണ്ട് വിധി പരസ്പര വിരുദ്ധമായി വന്നിട്ടുണ്ട്. അതുകൊണ്ട് ആ ഒബ്ലിഗേഷൻ ശരിയാണ്. ലാസ്റ്റ് ക്വാർട്ടറിന്റെ എൽ. സി.ക്ക് കൊടുത്തു കഴിഞ്ഞിട്ടില്ല. മാർച്ച് 31 ന് മുമ്പ് കുറെ കൊടുക്കും. അതിൽ ഈ കോൺട്രാക്ടർക്ക് ഒരാൾക്ക് കൊടുക്കാൻ വേണ്ടി ഒക്കുകയില്ല. സീനിയോറിറ്റി അല്ലെങ്കിൽ എന്തെങ്കിലും മാനദണ്ഡം വച്ച് ശബരിമല റോഡിന്റെ പ്രാധാന്യം വച്ചുകൊണ്ട് ഒരു കോടി രൂപ കോൺട്രാക്ടർക്ക് ബാക്കിയുള്ളത് കൊടുക്കും. കൊടുക്കാതിരിക്കാൻ പറ്റുകയില്ല. ആ കാര്യം ഗവൺമെന്റ് പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(2) നെൽക്കൃഷി മേഖല നേരിടുന്ന പ്രശ്നങ്ങൾ

ഡോ. കെ. സി. ജോസഫ് : സർ, കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട എന്നാൽ വളരെ ദുർബലവുമായ ഒരു മേഖലയാണ് നെൽ കാർഷിക മേഖല. ആ മേഖല ഓരോ വർഷം കഴിയുംതോറും കൂടുതൽ കൂടുതൽ ബുദ്ധിമുട്ടുകൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. നെൽകാർഷികമേഖലയെ എങ്ങനെ പിടിച്ചു നിർത്താൻ കഴിയും, നെൽകൃഷി എങ്ങനെ നിലനിർത്താൻ കഴിയും എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് വളരെ കൂലംകഷമായി ചിന്തിക്കണം, അതനുസരിച്ച് നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. 12 ലക്ഷം ടൺ അരി ഉൽപാദിപ്പിക്കണം എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനം നടത്തുന്നുവെങ്കിലും നാം ഇന്ന് അതിന്റെ പ്രൊഡക്ടിവിറ്റി കൂടുതലായി വർദ്ധിപ്പിച്ചതിനുശേഷവും എത്തി നിൽക്കുന്നത് 7.27 ലക്ഷം ടൺ ഉൽപാദനത്തിലാണ്. ഈ നിലയിൽ നെൽക്കൃഷി കൂടുതൽ ബുദ്ധിമുട്ടിലേക്ക് പോകുവാൻ കാരണം എന്തെന്നുള്ളത് ഇനിയെങ്കിലും നാം യാഥാർത്ഥ്യബോധത്തോടുകൂടി പരിശോധിക്കാൻ തയ്യാറാകണം. നെല്ലിന്റെ ഉൽപാദന വിതരണ സഹകരണ രംഗങ്ങളിൽ എല്ലാംതന്നെ കാതലായ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മൾ പലപ്പോഴും പല നടപടികളും എടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടെങ്കിലും പ്രായോഗിക തലത്തിൽ ഇത് പലപ്പോഴും നടന്നു വരാറില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. പ്രൊഡക്ടിവിറ്റി 3167 കിലോ ആയി മാറിയെന്ന്. ആ 3167 കിലോ ഒരു ഹെക്ടറിന് ഉൽപാദിപ്പിക്കുന്നുവെന്ന് കണക്കാക്കിയാൽ ഇന്ന് ലഭിക്കുന്ന വില കൊടുത്ത് നെല്ല് സംഭരിക്കുന്നതു കൊണ്ട് ശരാശരി 650 രൂപ വരെ കിട്ടുന്നുവെന്ന് കണക്കാക്കിയാൽ പോലും ഒരു ഹെക്ടറിന് കൃഷിക്കാരന് കിട്ടുന്ന ആദായം എന്നു പറയുന്നത് 20,585 രൂപയാണ്. 20,585 രൂപ നെല്ല് വിലയായി ലഭിക്കുമ്പോൾ കൃഷിച്ചെലവിനായി ഞങ്ങളുടെ പ്രദേശത്ത് ഏക്കറിന് എണ്ണായിരം രൂപ കൃഷി വകുപ്പിന്റെ കണക്കനുസരിച്ച് ചെലവാകുമെന്ന് കണക്കാക്കിയാൽ രണ്ടര ഏക്കറിന് 20,000 രൂപ ചെലവാകും. 585 രൂപയാണ് ഒരു ഹെക്ടറിന് ലാഭമായി കിട്ടുന്നത്. അങ്ങനെ കണക്കാക്കുമ്പോൾ പോലും നെല്ലുൽപാദിപ്പിക്കുന്ന സ്ഥലത്തിലെ പാടത്തിനോ കൃഷിക്കാരന്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനം നടത്തുന്നതിനുള്ള കൂലിയോ ഒന്നും കണക്കാക്കാതെയാണ് ഈ ലാഭമെന്ന് ഓർക്കണം. ഇത്തരം സാഹചര്യത്തിൽ നെൽക്കൃഷിക്കാരൻ എങ്ങനെ ഇവിടെ പിടിച്ചു നിൽക്കും? അതുകൊണ്ട് സ്വാഭാവികമായും അനാകർഷകമായ മേഖലയായി നെൽക്കൃഷി മേഖല മാറുന്നു. നെൽക്കൃഷിക്കാർ കൃഷിയോട് വിമുഖത കാട്ടുന്നു. അതുകൊണ്ട് ഒരേക്കർ കൃഷിഭൂമിയിൽ നിന്നും വിറ്റു കിട്ടുന്ന ശരാശരി വരുമാനം കൃഷിക്കാരന് ലഭ്യമാക്കാൻ കഴിയുന്ന തരത്തിൽ കാർഷിക പരിഷ്ക്കരണം ഉണ്ടാകണം. ചെലവ് ചുരുക്കാനും വരുമാനം വർദ്ധിപ്പിക്കാനും കൂടുതൽ കൃഷി നടപ്പാക്കാനും അതിനുവേണ്ടി പല പദ്ധതികളും സർക്കാർ നടപ്പാക്കുന്നുണ്ട്. അതിൽ ഒന്ന് പ്രൊഡക്ഷൻ ഇൻസന്റീവ് ആണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പ്രൊഡക്ഷൻ ഇൻസന്റീവ് ഒരു ഹെക്ടറിന് 250 രൂപയായിരുന്നു. അത് 350 രൂപയായി വർദ്ധിപ്പിച്ചു. 350 രൂപ വച്ച് നൽകണമെങ്കിൽ 18 കോടി രൂപ ചെലവ് വേണം. പക്ഷേ ബഡ്ജറ്റിൽ ഉണ്ടായിരുന്നത് 10 കോടി രൂപയാണ്. അടുത്ത വർഷം അത് ആയിരം രൂപയായി മാറുമെന്നാണ് പറഞ്ഞിട്ടുള്ളത്. പക്ഷെ ഈ വർഷത്തെ ബഡ്ജറ്റിലും 10 കോടി രൂപ മാത്രമാണ് ഉള്ളത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് എങ്ങനെ പ്രൊഡക്ഷൻ ഇൻസന്റീവ് കൊടുക്കാൻ കഴിയും എന്നുള്ളതിനെ സംബന്ധിച്ചു ആലോചിച്ചു കഴിഞ്ഞ പ്രാവശ്യത്തെ 350 രൂപ നിരക്കിലുള്ള കുടിശ്ശികയും ഈ വർഷത്തെ ആയിരം രൂപ വച്ചുള്ള തുകയും നൽകുന്നതിന് ആവശ്യമായ തുക കണ്ടെത്തുവാനും അത് കൃഷിക്കാർക്ക് കൊടുക്കുവാനുമുള്ള നടപടി സ്വീകരിക്കണം. അതുപോലെ കുട്ടനാടൻ മേഖലയിലുള്ള പ്രത്യേകത, സമുദ്ര നിരപ്പിനു താഴെ കൃഷി ചെയ്യുന്ന ഒരു സ്ഥലം എന്നുള്ള നിലയിൽ നെൽക്കൃഷി ചെയ്യണമെങ്കിൽ വെള്ളം പമ്പ് ചെയ്ത് പുറത്താക്കേണ്ടി വരും. അതിനുവേണ്ടി വരുന്ന മുഴുവൻ ചിലവും 100 ശതമാനം സബ്സിഡിയായി നൽകുന്നതിന് 1981-ൽ തീരുമാനിച്ചു. അന്ന് നിശ്ചയിച്ചിട്ടുള്ള നിരക്കാണ് ഇന്നും നിലനിൽക്കുന്നത്. അതിനുശേഷം കാലാകാലങ്ങളിൽ വരുന്ന നാമമാത്രമായ വർദ്ധനവാണ് പമ്പിംഗ് സബ്സിഡിയിൽ ഉണ്ടായിട്ടുള്ളത്. പക്ഷേ ഏതെങ്കിലും പാടശേഖരത്തിൽ പാടശേഖര സമിതി നേരിട്ടാണ് കൃഷി ചെയ്യുന്നതെങ്കിൽ നാമമാത്രമായ വർദ്ധനവും കിട്ടുകയില്ല. അവിടെ ലേലമില്ലാതെ ഉടമ്പടിക്ക് പാടശേഖര കമ്മിറ്റി പമ്പ് ചെയ്യാൻ തീരുമാനിച്ചാൽ പഴയ തുക മാത്രമേ നൽകുകയുള്ളൂ. 1981-ലെ പമ്പിംഗ് സബ്സിഡി നിരക്കനുസരിച്ച് തന്നെയാണ് വെള്ളം വഹിച്ചുകൊണ്ടു വരുന്നത്. അതുകൊണ്ട് കൃഷിക്കാർ ഈ ചിലവിനുപുറമേ അഡീഷണലായി 300 രൂപ ഒരേക്കറിന് പമ്പിംഗ് കോൺട്രാക്ടർക്കു കൊടുക്കേണ്ടി വരുന്ന ഒരു സ്ഥിതിയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തെ സംബന്ധിച്ച് കർഷകരുടെ ഒരു യോഗം വിളിക്കുകയുണ്ടായി. അന്ന് അദ്ദേഹം പമ്പിംഗ് സബ്സിഡിയിലെ ആറ് ഐറ്റംസിൽ ഒന്നായി ഇലക്ട്രിസിറ്റി ചാർജ്ജ് കൃഷിവകുപ്പു തന്നെ നേരിട്ട് ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കുമെന്നും ബാക്കിയുള്ള അഞ്ചിനങ്ങളിൽ കാലോചിതമായി പരിഷ്ക്കരിച്ച് അതിന് ആവശ്യമായ തുക കൃഷിക്കാർക്ക് നേരിട്ട് കൊടുക്കുമെന്നും പറയുകയുണ്ടായി. അത് ഇപ്പോഴും നടപ്പിലാക്കിയിട്ടില്ല. രണ്ടാം കൃഷിക്ക് ഇപ്പോൾ വീണ്ടും ലേലം ചെയ്യുന്ന സ്ഥിതിയിലേക്കാണ് വന്നിട്ടുള്ളത്. അതുകൊണ്ട് അടിയന്തിരമായി

LIBRARY ARCHIVES Kerala Legislative Assembly

പമ്പിംഗ് സബ്സിഡി പരിഷ്ക്കരിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം തന്നെ ഈ പമ്പിംഗ് സബ്സിഡിയിൽ രണ്ടു മൂന്നു വർഷത്തെ കുടിശ്ശിക ഇപ്പോഴും കൊടുക്കുവാനുണ്ട്. അതിന്റെ നടപടി ക്രമത്തിൽ ഓരോ ഉദ്യോഗസ്ഥൻമാർക്കും തോന്നുന്ന തരത്തിൽ വ്യാഖ്യാനിക്കുവാനും രണ്ടാം കൃഷി ചെയ്തില്ലെങ്കിൽ അടുത്ത പുതുകൃഷിക്കും മറ്റുള്ള കൃഷികൾക്കും പമ്പിംഗ് കൊടുക്കാത്ത സ്ഥിതിയും ഉണ്ട്. അങ്ങനെ ഓരോ വ്യാഖ്യാനമനുസരിച്ച് കൃഷിക്കാരെ ആകെ ഹരാസ് ചെയ്യുന്ന സ്ഥിതിയും നിലനിൽക്കുന്നു. അതുകൊണ്ട് കൃഷി ചെയ്യുന്ന പാടശേഖരങ്ങൾക്ക് ആ കൃഷിയുടെ പമ്പിംഗിന് ചെലവാകുന്ന മുഴുവൻ തുകയും കൊടുക്കുവാനുള്ള നടപടിയെടുക്കണം. ഇതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം എന്നുള്ള നിലയിൽ നല്ല വിത്തിനങ്ങൾ കൊടുക്കുകയെന്നുള്ളതാണ്. കൂടുതൽ പ്രൊഡക്ടിവിറ്റിയുള്ള ഉൽപാദനശേഷിയുള്ള രോഗപ്രതിരോധ ശേഷിയുള്ള വിത്തിനങ്ങൾ കൊടുക്കുവാൻ കഴിയണം. നിർഭാഗ്യവശാൽ ഇത്തവണ നാഷണൽ സീഡ്സ് കോർപ്പറേഷനിൽ നിന്നും കൃഷി വകുപ്പ് വിതരണം ചെയ്താൽ പോലും കൂട്ടുവിത്ത് വരുന്നതു കൊണ്ട് ഉൽപാദനത്തിന് അല്പം മാന്ദ്യം ചില മേഖലകളിൽ ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് നല്ല വിത്തിനങ്ങൾ നൽകാനുള്ള എന്തെങ്കിലും ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കണം. നെല്ല് സംഭരണ രംഗത്ത് ആശാവഹമായ പ്രഖ്യാപനം ഈ ബഡ്ജറ്റിലുണ്ട്. നെല്ല് സംഭരിക്കുന്ന സൊസൈറ്റികൾക്ക് സെയിൽസ് ടാക്സ് ഒഴിവാക്കിക്കൊണ്ടുള്ള പ്രഖ്യാപനമുണ്ട്. നെല്ല് സംഭരിക്കുന്ന സൊസൈറ്റികളെയും സെയിൽസ് ടാക്സിൽ നിന്നും ഒഴിവാക്കുകയും നെല്ല് സംഭരണം ഫലപ്രദമായി നടപ്പാക്കുകയും ചെയ്യണം. ഇവിടെയുള്ള ഒരു പ്രധാനപ്പെട്ട വിഷയം നെല്ല് സംഭരണ രംഗത്ത് സൊസൈറ്റികൾ സംഭരിക്കുമ്പോൾ ആ സൊസൈറ്റികൾ അത് ഉടനെതന്നെ വൻകിട റൈസ് മില്ലുകൾക്ക് മറിച്ചുകൊടുക്കുന്ന ഒരു സ്ഥിതിയാണ്. അങ്ങനെ മറിച്ചുകൊടുത്തു കഴിഞ്ഞാൽ സംഭരണ രംഗത്ത് ഒരു ചലനവും ഉണ്ടാക്കുവാൻ കഴിയുകയില്ല. ചില പ്രദേശങ്ങളിൽ ആ നിലയിൽ നടക്കുന്നു. ചില സ്ഥലങ്ങളിൽ സംഭരിച്ചുവച്ചാൽ മാത്രമേ കൊടുക്കൂ എന്നുപറയുന്നു. അങ്ങനെ സംഭരിക്കുന്ന നെല്ലിന് പിന്നീട് വില കുറയുകയാണെങ്കിൽ ഗവൺമെന്റിന്റെ ഏതെങ്കിലും ഏജൻസി മുഖേന അവർക്ക് നഷ്ടം വരാത്ത രീതിയിൽ ആ നെല്ല് എടുക്കും എന്ന് ഉറപ്പുവരുത്തുവാനുള്ള സ്ഥിതി ഉണ്ടായാൽ മാർക്കറ്റിൽ നിന്നും സൊസൈറ്റികൾ അത് വാങ്ങി സൂക്ഷിച്ചുവയ്ക്കുകയും, നെല്ല് സംഭരണം ഫലപ്രദമായി നടക്കുകയും അതനുസരിച്ച് കൃഷിക്ക് ഗുണം ഉണ്ടാകുകയും ചെയ്യും. ആ നിലയിൽ നെല്ല് സംഭരണ രംഗത്ത് ആവശ്യമായ ക്രിയാത്മകമായ പരിഷ്ക്കാരങ്ങൾ ഉണ്ടാകണം. ഇവിടെ കൃഷി ചെയ്യുന്നതിന് ഇന്ന് കൃഷി ചെലവ് വളരെയേറെ കൂടുന്നു. ആവശ്യത്തിന് കർഷകത്തൊഴിലാളികളെ ആ രംഗത്ത് കിട്ടുന്നില്ല എന്നുള്ള സ്ഥിതിയും നിലനിൽക്കുന്നു. ഏറ്റവും ആകർഷകമായ മേഖല എന്നുപറയുന്നത് കൊയ്ത്തുമേഖലയാണ്. അവിടെപ്പോലും തൊഴിലാളികളെ കിട്ടുന്നില്ല. ഞാൻ ഒരു കൽഷകനാണ്. 15 ഏക്കർ കൊയ്യാൻവേണ്ടി 17 പേരെ വച്ചിട്ട് എത്രയോ ദിവസങ്ങൾ കൊണ്ടാണ് കൊയ്ത് തീർത്തത്. ഇപ്പോഴും അത് മെതിച്ചു കഴിഞ്ഞിട്ടില്ല. ആ നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ആ രംഗത്ത് നിൽക്കുമ്പോൾ അവിടെ എങ്ങനെ പരിഷ്ക്കാരം നടപ്പാക്കാൻ കഴിയും. കൊയ്ത്ത് മെഷീൻ ഉൾപ്പെടെ പണി എടുക്കുവാൻ വരുന്ന കർഷകത്തൊഴിലാളികൾക്ക് തൊഴിലവസരം ഉറപ്പുവരുത്തിക്കൊണ്ട് ആ രംഗത്ത് പരിഷ്ക്കാരം നടപ്പാക്കുന്നതിനെക്കുറിച്ച് തീർച്ചയായും ചിന്തിക്കുവാൻ ഗവൺമെന്റ് തയ്യാറാകണം. നെൽകൃഷി നിലനിർത്തുവാൻ വേണ്ടിയുള്ള ഒരു വലിയ പോരാട്ടവും സമരവും ഒക്കെ കേരളത്തിൽ നടക്കുകയുണ്ടായി. ആ കാലഘട്ടത്തിൽ നെൽക്കൃഷിയെ സംരക്ഷിക്കുന്നതിനെക്കുറിച്ച് പഠിക്കുവാൻ കാർഷിക യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി ശ്രീ. ശ്യാമസുന്ദരൻ നായർ ചെയർമാനായി ഒരു കമ്മിറ്റി രൂപവൽക്കരിച്ച് അവർ എല്ലാ മേഖലയിലും പോയി പഠനം നടത്തി. ഞാൻ മനസ്സിലാസ്സിലാക്കുന്നതും ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ ഒരു ചോദ്യത്തിന് മറുപടിയായി നിയമസഭയിൽ പറഞ്ഞതും കഴിഞ്ഞ ജൂലായ് മാസത്തിൽ ശ്യാംസുന്ദരൻ നായർ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് എന്നാണ്. ഇപ്പോൾ ഒൻപത് മാസക്കാലം കഴിഞ്ഞിരിക്കുന്നു. കേരളത്തിലെ ഏറ്റവും സുപ്രധാനമായ ഒരു മേഖല, നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന ഏറ്റവും ദുർബ്ബലമായ ഈ മേഖലയെ നിലനിർത്തേണ്ടുന്ന ഈ രംഗത്ത് വരുത്തേണ്ടുന്ന പരിഷ്ക്കാരങ്ങളെക്കുറിച്ച് പഠിക്കുവാൻ വേണ്ടിയുള്ള ഈ റിപ്പോർട്ട് ഒമ്പതു മാസക്കാലമായിട്ടും തീരുമാനമെടുത്ത് നടപ്പിലാക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അവരുടെ കമ്മിറ്റി ശുപാർശ, ഞാൻ മനസ്സിലാക്കുന്നത് കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കണമെന്നും പരിമിതമായ ആനുകൂല്യങ്ങൾ കൊണ്ടുമാത്രം നെൽകൃഷി മേഖലയെ നിലനിർത്താൻ കഴിയില്ല എന്നുമാണ്. നമ്മുടെ കൃഷിവകുപ്പിന്റെ പഠനം കൊണ്ടുതന്നെ പ്രൊഡക്ടിവിറ്റി ഏറ്റവും കൂടുതലുള്ളത് പുഞ്ച സീസണിലാണ്. രണ്ടാം കൃഷിയേക്കാൾ 25 ശതമാനം പ്രൊഡക്ടിവിറ്റി കൂടുതലുള്ളത് പുഞ്ച കൃഷിക്കാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ആ ഒരു നല്ല സീസണിൽനമ്മുടെ നെൽപ്പാടങ്ങളിൽ മുഴുവൻ നെൽകൃഷി ചെയ്യുകയും, ആ ഒരു നല്ല കൃഷി കൊണ്ടുതന്നെ നമുക്കാവശ്യമായ നെല്ല് ഉൽപാദിപ്പിക്കുവാൻ കഴിയുകയും ചെയ്യും. രണ്ടാംകൃഷി ഇല്ലാത്ത സ്ഥലങ്ങളിൽ ഏതാണ്ട് ഏഴ് മാസക്കാലത്തോളം നെൽപ്പാടങ്ങൾ തരിശായി കിടക്കുകയാണ്. ഭൂമി വെറുതെ കിടക്കുകയാണ്. പ്രൊഡക്ഷൻ ഇല്ലാതെ അത്രയും ഭൂമി വെറുതെ കിടക്കുന്നത് തടഞ്ഞുകൊണ്ട് അവിടെ പാടശേഖരങ്ങൾക്ക് രൂപാന്തരം സംഭവിക്കാതെ നോക്കണം. നെൽകൃഷിയെ ഭാവിയിൽ ബാധിക്കുന്നത് പാഠശേഖരങ്ങളെ രൂപാന്തരപ്പെടുത്തി കൃഷിയോഗ്യമല്ലാതാക്കുന്നതു കൊണ്ടാണ്. അതുകൊണ്ട് രൂപാന്തരപ്പെടാത്ത തരത്തിലുള്ള കൃഷി പരിഷ്ക്കാരങ്ങൾ ഒരു പു നെൽകൃഷിയും. ബാക്കി ഏഴ് മാസം മത്സ്യകൃഷിയും എന്നുള്ള നിലയിൽ ആൾട്ടർനേറ്റ് ഫാമിംഗ് നടപ്പാക്കിയാൽ ഒരു ഏക്കർ ഭൂമിയിൽ നിന്നുള്ള വരുമാനം കൃഷിക്കാരന് കൂടുതൽ ലഭിക്കും. അതുകൊണ്ടുതന്നെ മത്സ്യകൃഷി ചെയ്ത് ആദായം വരുത്തണമെങ്കിൽ നെൽകൃഷി ചെയ്താൽ മാത്രമേ കഴിയൂ എന്നുള്ള സ്ഥിതി വന്നുകഴിഞ്ഞാൽ നെൽകൃഷി ചെയ്യുവാൻ കൃഷിക്കാരനും നിർബന്ധിതമാകും. അങ്ങനെ നെല്ലിന്റെ ഉൽപാദനം വർദ്ധിക്കും,

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാരന് ആദായവും ലഭിക്കും, രാജ്യത്ത് പ്രൊഡക്ടിവിറ്റി വർദ്ധിക്കും. ആ നിലയിൽ ഈ മേഖല നിലനിൽക്കും, ഇത് മാത്രമാണ് നെൽകൃഷി നിലനിർത്തുവാനായിട്ടുള്ള ഒരു പ്രായോഗിക സമീപനം എന്നുള്ള നിലയിൽ ഈ കാർഷിക പരിഷ്ക്കാരം നടപ്പാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം. ഇത് ഏകപക്ഷീയമായി ഇന്നത്തെ സാമൂഹ്യ പശ്ചാത്തലത്തിൽ നടക്കുമെന്ന് ഞാൻ കരുതുന്നില്ല. ഞാൻ കഴിഞ്ഞ നാലു വർഷമായി ഈ നിയമസഭയിൽ ഈ രംഗത്ത് പരിഷ്ക്കാരം നടത്താൻ കഴിയണം എന്ന് ആവശ്യപ്പെടുന്നു. ഒരു നെല്ലും ഒരു മത്സ്യവും എന്ന കൃഷി പരിഷ്ക്കാരം. അതുകൊണ്ട് എത്രത്തോളം യന്ത്രവൽക്കരണം ആകാം എന്നുള്ളതിനെ സംബന്ധിച്ച് കർഷകത്തൊഴിലാളി സംഘടനകളുടെ പ്രതിനിധികളെയും രാഷ്ട്രീയ പാർട്ടികളെയും വിളിച്ച് ഒന്നിച്ചിരുത്തി ചർച്ച ചെയ്ത് ഒരു അഭിപ്രായ സമന്വയമുണ്ടാക്കി ഈ രംഗത്ത് പരിഷ്ക്കാരങ്ങൾ നടപ്പാക്കി നെൽക്കൃഷി മേഖലയെ നിലനിർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, നെൽക്കൃഷി മേഖല ഇന്ന് അഭിമുഖീകരിക്കുന്ന ചില പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് ബഹുമാന്യനായിട്ടുള്ള ശ്രീ. കെ. സി. ജോസഫ് ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ഈ രംഗത്ത് സംസ്ഥാന ഗവൺമെന്റിന് അതിന്റെ സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ കഴിയുന്ന പ്രധാനപ്പെട്ട പല കാര്യങ്ങളും പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടനാട് മേഖലയുടെ കൃഷി വികസനത്തെ ലക്ഷ്യം വച്ചുകൊണ്ട് കുട്ടനാട് നെൽകൃഷി വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ തന്നെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ഏകദേശം രണ്ട് കോടി രൂപയുടെ വർക്കുകൾ അവിടെ കുട്ടനാടൻ മേഖലയിൽ നടക്കുകയാണ്. അത് നെൽകൃഷി അഭിവൃദ്ധിപ്പെടുത്താൻ പോരുന്നതാണ്. അതുപോലെതന്നെ കുട്ടനാട് യന്ത്രവൽക്കരണത്തിന്റെ ഭാഗമായിട്ട് മെതിയന്ത്രങ്ങൾ സാർവ്വത്രികമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ തന്നെ കുട്ടനാട് നെൽക്കൃഷി വികസന ഏജൻസിയും ഗവൺമെന്റും കൂടി ഏകദേശം 36 മെതിയന്ത്രങ്ങൾ വിതരണം ചെയ്യാൻ പോകുകയാണ്. പാഠശേഖര സമിതികൾ വേറെ മെതിയന്ത്രങ്ങൾ വാങ്ങിയിട്ടുണ്ട്. ആ മെതിയന്ത്രങ്ങൾ അവിടെ ഉപയോഗിക്കുകയാണ്. കർഷകത്തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന് ഈ മെതിയന്ത്രങ്ങൾ സുപ്രധാനമായ പങ്ക് വഹിക്കുന്നുണ്ട്. എന്നാൽ കുട്ടനാട്ടിലെ കായൽ നിലങ്ങളിൽ മെതിയന്ത്രങ്ങൾ മാത്രം ഉണ്ടായാൽ പോരാ, കൊയ്ത്ത് മെതിയന്ത്രങ്ങൾ ഉണ്ടാകണം. കാരണം അവിടെ ഒരു വ്യത്യസ്തമായ കാലാവസ്ഥയാണ്. തൊഴിലാളികൾ വളരെ ദൂരം ബോട്ടിൽ സഞ്ചരിച്ച് അവിടെ പോയി കൊയ്ത് മെതിച്ച് വരിക എന്നുപറയുന്നത് കുറച്ചുകൂടി പ്രയാസമേറിയ കാര്യമാണ്. അതുകൊണ്ട് കായൽനിലങ്ങളിൽ തീർച്ചയായിട്ടും കൊയ്ത്ത് മെതിയന്ത്രങ്ങൾ തന്നെ വേണ്ടിവരുമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിന് വ്യത്യസ്തമായ അഭിപ്രായം നിലനിൽക്കുന്നുണ്ട്. അത് അവിടെ പ്രാവർത്തികമാക്കാനായിട്ടാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കായൽ നിലങ്ങളിൽ കൊയ്ത് മെതിക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറായിട്ട് ചെല്ലുന്ന കർഷകത്തൊഴിലാളികൾക്ക് കൊയ്യുന്നതിനുള്ള അവസരം പ്രദാനം ചെയ്തുകൊണ്ടുതന്നെ അതിന് പ്രത്യേക സംരക്ഷണം നൽകിക്കൊണ്ട് കൊയ്ത്ത് മെതിയന്ത്രം അവിടെ പ്രായോഗികമാക്കണം. അതാണ് ഗവൺമെന്റിന്റെ ആ കാര്യത്തിലുള്ള സമീപനം. അതു സംബന്ധിച്ച് കർഷകത്തൊഴിലാളി സംഘടനകളുമായിട്ട് ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാണ്. എല്ലാ കർഷകത്തൊഴിലാളി സംഘടനകളെയും വിളിച്ച് കുട്ടനാട്ടിലെ കായൽ നിലങ്ങളിലെ ഇന്നത്തെ സ്ഥിതിവിശേഷത്തെ കുറിച്ച് ചർച്ച ചെയ്യാനും അതിന് യോജിച്ച ഒരഭിപ്രായം ഉണ്ടാക്കുന്നതിനും ഗവൺമെന്റ് തയ്യാറാണ്. എന്നാൽ കായൽനിലങ്ങൾ ഒഴിച്ച് ബാക്കി കുട്ടനാടൻ നെൽപ്പാടങ്ങളിൽ മെതിയന്ത്രങ്ങൾ ഉപയോഗിക്കുന്നതിനെയെല്ലാം ഇന്ന് സ്വാഗതം ചെയ്യുന്നുണ്ട്. കാരണം യന്ത്രം ഇല്ലെങ്കിൽ കർഷകത്തൊഴിലാളികൾക്ക് കാലുകൊണ്ട് ചവിട്ടി മെതിക്കണം, യന്ത്രം വന്നാൽ അത് ചെയ്യണ്ട. യന്ത്രം ചെയ്യുന്നു, പതംപും കിട്ടും. അപ്പോൾ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറവാണ്; അവർക്ക് വരുമാനവും കിട്ടും എന്നതുകൊണ്ട് അതിനെ എല്ലാവരും സ്വാഗതം ചെയ്യുന്നുണ്ട്. പക്ഷെ ഇതൊരു പ്രത്യേക പ്രശ്നമായിത്തന്നെ കാണണം എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച മറ്റൊരു പ്രശ്നം നെൽക്കൃഷി ലാഭകരമാക്കാൻവേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമായിട്ട് നെൽപാടങ്ങൾ ഉഴുതുമറിക്കുന്നതിന് നൂറു ശതമാനവും യന്ത്രമാണ് ഇന്ന് കേരളത്തിൽ ഉപയോഗിക്കുന്നത്. അത് കുറച്ചുകൂടി കർഷകർക്ക് ആശ്വാസം നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ മറ്റൊരു പ്രധാന പ്രശ്നം കൊയ്ത്ത് സമയത്ത് നെല്ല് ശേഖരിക്കണമെന്നുള്ളതാണ്. നെല്ല് ശേഖരിക്കുന്നതിന് കർഷക സംഘങ്ങളാണ് പ്രധാനമായിട്ടും മുന്നോട്ടുവരുന്നത്. അതിന് പ്രത്യേകിച്ചുതന്നെ ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. കഴിഞ്ഞ 1997 മുതൽ ആണെങ്കിൽ ഇരുപ്പുകൃഷിയുടെ കാലത്ത് സഹകരണസംഘങ്ങളും വെയർഹൗസിംഗ് കോർപ്പറേഷനുമായിരുന്നു നെല്ല് ശേഖരിച്ചത്. അതിന് പ്രത്യേക ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ട്. 1997 മുതലാണ് ഇരുപ്പു കൃഷിയുടെ കാലത്ത് മുണ്ടകൻ പുഞ്ച സീസണിൽ നേരത്തെ ഉണ്ടാക്കിയ ഉത്തരവ് അനുസരിച്ച് സഹകരണസംഘങ്ങൾ ആണ് നെല്ല് ശേഖരിക്കേണ്ടത്. എന്നാൽ കുട്ടനാട്ടിലെ പ്രശ്നം സഹകരണ സംഘങ്ങൾ നെല്ല് ശേഖരിക്കാൻ താൽപര്യം കാണിക്കുന്നില്ല. തൃശ്ശൂരിൽ മുപ്പത്തിയേഴായിരത്തോളം ഏക്കർ വരുന്ന കോൾ നിലങ്ങളിലെ നെല്ല് ശേഖരിക്കുന്നത് അവിടത്തെ സഹകരണസംഘങ്ങളാണ്. അവിടെ ഒരു കിന്റൽ നെല്ലിന് 760 രൂപ വില ലഭിക്കുമ്പോൾ കുട്ടനാട്ടിൽ അത്രയും വില ലഭിക്കാൻ കഴിയുന്നില്ല. സഹകരണസംഘങ്ങൾ നെല്ലു ശേഖരിക്കാൻ മുന്നോട്ടു വരാത്തതാണ് കാരണം. അതുകൊണ്ട് വെയർഹൗസിംഗ് കോർപ്പറേഷനാണ് ഇപ്പോൾ കുട്ടനാട് മേഖലകളിൽ ഒരു കിന്റലിന് 700 രൂപ വച്ച് ശേഖരിച്ചുകൊണ്ടിരിക്കുന്നത്. വെയർഹൗസിംഗ് കോർപ്പറേഷൻ കുട്ടനാടൻ പാടശേഖരങ്ങളിലുള്ള മുഴുവൻ നെല്ലും ശേഖരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് കൃഷിക്കാർ മാത്രം അംഗങ്ങളായിട്ടുള്ള സഹകരണസംഘങ്ങൾ നെല്ലു ശേഖരിക്കണം. അതിന് അവർ തടസ്സമായിട്ട് നിന്നിരുന്നത് നെല്ലു വാങ്ങുമ്പോൾ ടാക്സ്കൊടുക്കേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു എന്നുള്ളതാണ്. ഈ ബഡ്ജറ്റിൽ ഏപ്രിൽ മാസം ഒന്നു മുതൽ അവരെ ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. അതുകൊണ്ട് സഹകരണസംഘങ്ങൾക്ക് നെല്ല് ശേഖരിക്കാൻ ആവശ്യമായ സംവിധാനം കൊണ്ടുവരുന്നതിന് ഗവൺമെന്റ് സമീപനം സ്വീകരിച്ചിട്ടുണ്ട്. ഇതിന് മറ്റൊരു പ്രശ്നമായി ചൂണ്ടികാണിച്ചത് നെല്ല് കൃഷിക്കാർതന്നെ ശേഖരിച്ച് അപ്പോൾതന്നെ റൈസ്മില്ലുകൾക്ക് മറിച്ചു കൊടുക്കുകയാണെങ്കിൽ അതുകൊണ്ട് കൃഷിക്കാരന് ഒരു പ്രയോജനവും ലഭിക്കുന്നില്ല. ശേഖരിക്കുന്ന നെല്ല് മൂന്നു മാസമെങ്കിലും സൂക്ഷിച്ചുവയ്ക്കണം. എന്നാലാണ് കൃഷിക്കാർക്ക് മാന്യമായ വില കിട്ടുക. അങ്ങനെ സൂക്ഷിച്ചുവയ്ക്കാൻ തയ്യാറാകുന്ന സഹകരണസംഘങ്ങൾക്ക് നെല്ല് വാങ്ങി മൂന്നു മാസം സൂക്ഷിച്ചുവയ്ക്കുമ്പോൾ സഹകരണബാങ്കുകളിൽ നിന്ന് വാങ്ങിയ വായ്പയുടെ പലിശ ഗവൺമെന്റ് നൽകുന്നതിന് തയ്യാറാണ്. അത് സൂക്ഷിച്ചുവയ്ക്കുന്നതിന് വേണ്ടി വെയർഹൗസിംഗ് കോർപ്പറേഷന് വരുന്ന ചാർജിന്റെ ഒരു വിഹിതം സംസ്ഥാന ഗവൺമെന്റ് വഹിക്കാൻ തയ്യാറാണ്. അങ്ങനെ ഈ നെല്ല് ശേഖരിച്ച് മൂന്നു മാസം വയ്ക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം. അത് അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പിന്നെ ഡോക്ടർ ശ്യാമസുന്ദരൻ നായർ കമ്മീഷൻ റിപ്പോർട്ടിന്റെ എല്ലാ വശവും ഗവൺമെന്റ് പരിശോധിക്കേണ്ടതുണ്ട്. അത് പരിശോധിച്ച് മന്ത്രിസഭയുടെ അംഗീകാരത്തിനുശേഷം തീർച്ചയായിട്ടും കർഷകസംഘടനകളുടെ പ്രതിനിധികളുമായിട്ട് ചർച്ച ചെയ്യുന്നതിനും അതിലെ ക്രിയാത്മകമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണം. അതിൽ പറയുന്ന പ്രധാന നിർദ്ദേശം ഒരുപ്പു നെൽകൃഷിയും ഒരുപ്പു മൽസ്യ കൃഷിയുമാണ്. അത് കരിനിലങ്ങളിൽ വൈക്കം കരിനിലം. അതുപോലെതന്നെ പുറക്കാട് കരിനിലം തുറവൂർ കരിനിലം തുടങ്ങി കുട്ടനാടൻ പാടശേഖരങ്ങളിലും പൊക്കാലി കൃഷി മേഖലയിലുമാണ് പ്രധാനമായിട്ടും നടപ്പിലാക്കാൻ കഴിയുന്നത്. ഇപ്പോൾതന്നെ കോട്ടയം ജില്ലയിൽ ആ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഒരുപ്പു നെൽകൃഷിയും ഒരുപ്പു മത്സ്യകൃഷിയും നടപ്പിലാക്കിവരുന്നുണ്ട്. അത് വളരെ വിജയകരമാണ്. അത് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് കർഷകസംഘടനകളുമായിട്ടും കർഷകത്തൊഴിലാളി സംഘടനകളുമായിട്ടും ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുമായിട്ട് ഇക്കാര്യം ആലോചിച്ച് വിജയകരമായ രീതിയിൽ കുട്ടനാടൻ പാടശേഖരങ്ങളിൽ നടപ്പിലാക്കണം. അത് നടപ്പിലാക്കുമ്പോൾ മത്സ്യകൃഷിയിൽ മാത്രം ഒതുങ്ങുന്ന അവസ്ഥയിലേക്ക് നെൽകർഷകർ പോകാൻ പാടില്ല. അങ്ങനെ ഒരു വ്യഗ്രത നെൽകർഷകരെ സംബന്ധിച്ചുണ്ട്. അതുകൊണ്ട് ഒരുപു നെൽക്കൃഷി ചെയ്യുമെന്ന് ഉറപ്പുവരത്തക്കരീതിയിൽ ഒരു സംവിധാനം സ്വീകരിച്ചുകൊണ്ടു മാത്രമേ ഈ മത്സ്യകൃഷിയിലേക്ക് പോകാൻ കഴിയുകയുള്ളൂ. അങ്ങനെ മത്സ്യക്കൃഷിയിലേക്ക് പോകുമ്പോൾ കൃഷിക്കാരന് മത്സ്യക്കൃഷികൊണ്ട് കിട്ടുന്ന ലാഭത്തിന്റെ ഒരു ചെറിയ പങ്ക് കർഷകത്തൊഴിലാളികൾക്ക് ലഭ്യമാക്കത്തക്കരീതിയിൽ ആയിരിക്കണം കുട്ടനാടൻ മേഖലയിൽ ഈ പദ്ധതി നടപ്പിലാക്കേണ്ടത് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അതിനെ സംബന്ധിച്ച് കൂട്ടായ ഒരു ചർച്ച ആവശ്യമാണ്. അങ്ങനെയൊരു ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തെക്കുറിച്ചാണ് ഗവൺമെന്റിന് ഇവിടെ സൂചിപ്പിക്കാനുള്ളത്. ഇവിടെ പമ്പിംഗ് സബ്സിഡിയെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു, അദ്ദേഹം പറഞ്ഞത് ശരിയാണ്. 1981-ലാണ് പമ്പിംഗ് സബ്സിഡി സൗജന്യമായിട്ട് നൽകുന്നതിന് ഗവൺമെന്റ് മുന്നോട്ടുവന്നത്. ആറ് ഘടകങ്ങളാണ് അതിനകത്തുള്ളത്. എന്നാൽ ഇപ്പോൾ നെൽക്കൃഷിക്ക് വൈദ്യുതി പൂർണ്ണമായിട്ട് സൗജന്യമാണ്. അതുകൊണ്ട് വൈദ്യുതി അതിൽനിന്ന് മാറണം. ബാക്കി അഞ്ച് ഘടകങ്ങൾ 1981-നുശേഷം ഉണ്ടായിട്ടുള്ള അതിന്റെ ചെലവിൽ മാറ്റം സംഭവിച്ചിട്ടുണ്ട്. ആ മാറ്റത്തിന് അടിസ്ഥാനമായിട്ട് പമ്പിംഗ് സബ്സിഡിയുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് വേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ആ കമ്മിറ്റി റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലെ അതിന്റെ അടിസ്ഥാനത്തിൽ പമ്പിംഗ് സബ്സിഡിയുടെ ചാർജ് വർദ്ധിപ്പിക്കൂ. അത് വർദ്ധിപ്പിച്ച് പാടശേഖരസമിതികൾക്ക് നൽകണമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇടത്തട്ടുകാരെ ഒഴിവാക്കണം. പാടശേഖരസമിതികളുടെ ആഭിമുഖ്യത്തിൽ പമ്പിംഗ് നടത്തുന്നതിന് ആവശ്യമായിട്ടുള്ള സംവിധാനം ഉണ്ടാക്കണമെന്നുള്ളതാണ് നിർദ്ദേശം. പ്രൊഡക്ഷൻ ബോണസിന്റെ കാര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. കിട്ടിയ പത്തുകോടി ഉറുപ്പിക വിതരണം ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ എട്ടു കോടി ഉറുപ്പിക കൂടി ഈ നടപ്പു സാമ്പത്തികവർഷത്തിൽ കിട്ടിയാൽ ഈ കുടിശ്ശിക തീർക്കാൻ കഴിയും. അത് ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് പറഞ്ഞിട്ടുണ്ട്. പ്രത്യേക ഫണ്ട് അനുവദിക്കുമെന്നും പറഞ്ഞിട്ടുണ്ട്. അത് കിട്ടിയാൽ ഉടനെ വിതരണം ചെയ്യുന്നതായിരിക്കും.

ഡോ. കെ. സി. ജോസഫ് : സർ, ഈ പരിഷ്ക്കാരങ്ങൾ, യന്ത്രവൽക്കരണത്തിന്റേതായാലും മത്സ്യക്കൃഷിയുടേതായാലും അടുത്ത പുഞ്ചകൃഷിക്ക് മുമ്പ്, ഇപ്പോൾ പുഞ്ചകൃഷിയുടെ ഹാർവെസ്റ്റ് നടത്തിക്കൊണ്ടിരിക്കുകയാണ്, അടുത്ത പുഞ്ചകൃഷിക്ക് മുമ്പായിട്ടെങ്കിലും ഈ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കത്തക്കവണ്ണം ഇപ്പോൾതന്നെ ചർച്ചകൾ നടത്തി അതിനാവശ്യമായ സംവിധാനം ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

കൃഷിവകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, അടുത്ത പുഞ്ചകൃഷിക്ക് മുമ്പായി ഈ പറഞ്ഞ പമ്പിംഗ് സബ്സിഡിയുടെ കാര്യവും മത്സ്യക്കൃഷിയുടെ കാര്യവും യന്ത്രവൽക്കരണത്തിന്റെ, യന്ത്രവൽക്കരണമെന്നു പറഞ്ഞാൽ കായൽനിലങ്ങളിലെ യന്ത്രവൽക്കരണത്തിന്റെ പ്രശ്നവും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതിന് ഗവൺമെന്റ് ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്.

മി. സ്പീക്കർ : സബ്മിഷൻ എടുക്കാൻ ഒരു പ്രത്യേക സാഹചര്യത്തിൽ തീരുമാനിച്ചതാണ്. തീരുമാനിക്കാൻ കാരണം നാളത്തേത് എല്ലാം പോസ്റ്റ് ചെയ്തിരിക്കുന്നു. എല്ലാം വലിയ ഡിമാന്റിൽ നിൽക്കുകയാണ്. അതുകൊണ്ട് എല്ലാവരും പൂർണ്ണമായിട്ടും സഹകരിക്കണം. ഒറ്റ വാചകത്തിൽ പറയണം. വിശദീകരണം പാടില്ല. മറുപടിയും അങ്ങനെയായിരിക്കണം.

ശ്രീ. കെ. എം. മാണി : സർ, എന്റെ പോയിന്റ് ഓഫ് ഓർഡർ,

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഇല്ല, ഇല്ല, ഇന്ന് സബ്മിഷനാണ്, ഇപ്പോഴില്ല, ഇതുകഴിഞ്ഞിട്ട്, അങ്ങയുടേത് ബഡ്ജറ്റിന്റെ പോയിന്റ് ഓഫ് ഓർഡറാണ്. ഞാൻ അങ്ങയോട് വിനീതമായി ചോദിക്കുകയാണ്. ഇന്ന് ഇത്രയും സമയമായ സ്ഥിതിയ്ക്ക് അടുത്ത ദിവസം ബഡ്ജറ്റിന്റെ ദിവസം വരികയാണ്, അപ്പോൾ അങ്ങേയ്ക്ക് തരാം. സപ്ലിമെന്ററിയും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല.

ശ്രീ. കെ. എം. മാണി : ആയിക്കോട്ടെ.

മി. സ്പീക്കർ : താങ്ക്യു. ഇങ്ങനെ സഹകരിക്കണം,

IV സബ്മിഷൻ

(1) ആലപ്പുഴ നഗരത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷനും വനിതാപോലീസ് സ്റ്റേഷനും

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ആലപ്പുഴ നഗരത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷനും വനിതാ പോലീസ് സ്റ്റേഷനും ആരംഭിക്കുന്നത് സംബന്ധിച്ച സബ്മിഷനാണ്. ഒറ്റവാക്കേ പറയുന്നുള്ളൂ. ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഒരു നഗരമാണ്. ആ നഗരത്തിന്റെ പ്രത്യേകത ചുറ്റും കനാലുകളാണ് അത് അങ്ങേയ്ക്കും മുഖ്യമന്ത്രിക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ജില്ലാ ഹെഡ്ക്വാർട്ടേഴ്സിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. അതോടൊപ്പം തന്നെ വനിതാപോലീസുകാരുടെ എണ്ണം തീരെ കുറവുള്ള ജില്ലയാണ് ആലപ്പുഴ, അവിടെ ഒരു വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം. ഇടയ്ക്കിടെ നിയമസമാധാന പ്രശ്നം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു ജില്ലയെന്നുള്ള നിലയിൽ ഇതുരണ്ടും സ്ഥാപിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

മി. സ്പീക്കർ : ഇങ്ങനെയാണെങ്കിൽ ദിവസവും സബ്മിഷന് സമയം തരാം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സംസ്ഥാനത്തെ ട്രാഫിക് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് എല്ലാ ജില്ലകളിലും ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റികളിൽ ആണ് വനിതാപോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്. ഒരു വനിതാ സബ് ഇൻസ്പെക്ടർ, രണ്ടു ഹെഡ്കോൺസ്റ്റബിൾമാർ, രണ്ടു വനിതാ കോൺസ്റ്റബിൾമാർ, എന്നിവരടങ്ങുന്ന വനിതാസെൽ ആലപ്പുഴയുൾപ്പെടെയുള്ള എല്ലാ ജില്ലകളിലും ഒരു ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ സബ് ഇൻസ്പെക്ടർമാരേയും വനിതാ കോൺസ്റ്റബിൾമാരേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly